File No.LSGD-EPA1/35/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു-ന് കെ .എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1147/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/06/2021

---

പരാമർശം:- 1 സ.ഉ(സാധാ)നം.286/2018/തസ്വഭവ, തീയതി 31.01.2018

2 ശ്രീ.അമർ കൃഷ്ണൻ.യു-ന്റെ 13.01.2021 ലെ അവധി അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 03.02.2021 ലെ ഇ4-1716/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു-ന് "ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് ആക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ" യിൽ ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സ് ചെയ്യുന്നതിനായി 01.02.2018 മുതൽ 28.02.2021 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I ചട്ടം 88 ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.അമർ കൃഷ്ണൻ.യു - ന് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.03.2021 മുതൽ 28.07.2021 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ .എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.അമർ കൃഷ്ണൻ.യു, സീനിയർ ക്ലാർക്ക്,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനവകുപ്പ് ( 1.04.2021 ലെ 24/ധെവ-5/1/21/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(35/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ